# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 24.08.2025** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. ആഗോളതലത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യയെന്നും താമസിയാതെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി രാജ്യം മാറുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി.
   **Prime Minister Narendra Modi said that India is the fastest growing economy in the world and will soon become the world's third-largest economy.**

2. സ്പീക്കർമാരുടെ ദ്വിദിന ദേശീയ സമ്മേളനം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഡൽഹി നിയമസഭയിൽ ഉദ്ഘാടനം ചെയ്യും.
   **Union Home Minister Amit Shah will inaugurate the two-day National Conference of Speakers in the Delhi Assembly today.**

3. ഫിജി പ്രധാനമന്ത്രി സിറ്റിവേനി റബൂക്ക മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും.
   **Fiji Prime Minister Sitthiweni Rabuka will arrive in India today for a three-day visit.**

4. അമേരിക്കയിലേക്കുള്ള മുഴുവൻ തപാൽ സേവനങ്ങളും നാളെ മുതൽ താൽക്കാലികമായി നിർത്തിവയ്ക്കുമെന്ന് ഇന്ത്യ.
   **Indian Postal department to temporarily suspend services to the US from tomorrow following change in America's duty rules.**

5. ഷൊർണൂർ - നിലമ്പൂർ മെമു സർവീസ് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു.

**Union Minister of State George Kurien inaugurated the Shoranur-Nilambur MEMU service.**

6. **സീസണിലെ അവസാന ഗ്രാൻസ്ലാം ടൂർണമെന്റായ യുഎസ് ഓപ്പൺ ടെന്നീസിന് ഇന്ന് തുടക്കം.**
   **The US Open tennis tournament, the last Grand Slam tournament of the season, begins today.**

****************************************

# PM - ECONOMY (INTRO)

ആഗോളതലത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യയെന്നും താമസിയാതെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി രാജ്യം മാറുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. ഡൽഹിയിൽ ഒരു സ്വകാര്യ മാധ്യമ സ്ഥാപനം സംഘടിപ്പിച്ച പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പണപ്പെരുപ്പം ഏറ്റവും താഴ്ന്ന നിലയിലാണ്. വിദേശ നാണ്യ കരുതൽ ശേഖരം ശക്തമായി തുടരുന്നു. ആഗോള വളർച്ചയിൽ ഇന്ത്യയുടെ സംഭാവന സമീപ ഭാവിയിൽ തന്നെ 20 ശതമാനമാകുമെന്ന് വിദഗ്ദ്ധർ വിലയിരുത്തുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്....)

പരിഷ്ക്കരണം, പ്രകടനം, പരിവർത്തനം എന്നീ ആശയങ്ങളാണ് ഇന്ത്യയുടെ വളർച്ചയുടെ കാതലെന്നും പ്രധാനമന്ത്രി പറഞ്ഞു. തദ്ദേശീയ 6G-സാങ്കേതിക വിദ്യ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഈ വർഷം അവസാനത്തോടെ ഇന്ത്യൻ നിർമ്മിത ചിപ്പ് വിപണിയിലെത്തുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. കഴിഞ്ഞ 11 വർഷത്തിനിടെ 60-ലധികം ബഹിരാകാശ ദൗത്യങ്ങൾ പൂർത്തിയാക്കിയ ഇസ്രോയെ പ്രധാനമന്ത്രി അഭിനന്ദിച്ചു.

************************

## AMIT SHAH-SPEAKERS CONFERENCE

സ്പീക്കർമാരുടെ ദ്വിദിന ദേശീയ സമ്മേളനം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഡൽഹി നിയമസഭയിൽ ഉദ്ഘാടനം ചെയ്യും. സെൻട്രൽ ലെജിസ്ലേറ്റീവ് കൗൺസിലിന്റെ ആദ്യ സ്പീക്കറായി വിത്തൽഭായ് പട്ടേൽ സ്ഥാനമേറ്റതിന്റെ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. 29 സംസ്ഥാന നിയമസഭകളുടെ സ്പീക്കർമാരും ആറ് സംസ്ഥാനങ്ങളിലെ നിയമസഭാ കൗൺസിൽ ചെയർമാൻമാരും വൈസ് ചെയർമാൻമാരും സമ്മേളനത്തിൽ പങ്കെടുക്കും. സമാപന സമ്മേളനത്തിൽ ലോക്സഭാ സ്പീക്കർ ഓം ബിർള അധ്യക്ഷത വഹിക്കും. രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ ഹരിവംശ് നാരായൺ സിംഗ്, കേന്ദ്ര മന്ത്രിമാരായ ഗജേന്ദ്ര സിംഗ് ഷെഖാവത്ത്, കിരൺ റിജിജു എന്നിവരും പരിപാടിയിൽ പങ്കെടുക്കും.

*************************

## FIJI PM - INDIA VISIT

ഫിജി പ്രധാനമന്ത്രി സിറ്റിവേനി റബൂക്ക മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും. പത്നി സുലേറ്റി റബൂക്കയും അദ്ദേഹത്തെ അനുഗമിക്കും. ഫിജി ആരോഗ്യ മന്ത്രിയും അദ്ദേഹത്തോടൊപ്പമുണ്ട്. പ്രധാനമന്ത്രിയായി സ്ഥാനമേറ്റ ശേഷം റബൂക്കയുടെ ആദ്യ ഇന്ത്യൻ സന്ദർശനമാണിത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി അദ്ദേഹം നാളെ കൂടിക്കാഴ്ച നടത്തും. രാഷ്ട്രപതി ദ്രൗപദി മുർമ്മുവിനേയും അദ്ദേഹം സന്ദർശിക്കും.

*************************

## INDIA -AUSTRALIA CECA

ഇന്ത്യ-ഓസ്ട്രേലിയ സമഗ്ര സാമ്പത്തിക സഹകരണ കരാറുമായി ബന്ധപ്പെട്ട പതിനൊന്നാം റൗണ്ട് ചർച്ചകൾ ന്യൂഡൽഹിയിൽ

സമാപിച്ചു. കരാർ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രതിബദ്ധത ഇരുപക്ഷവും ആവർത്തിച്ചു. ഉഭയകക്ഷി വ്യാപാരവും സാമ്പത്തിക പങ്കാളിത്തവും ശക്തിപ്പെടുത്തും. ചരക്കുകൾ, സേവനങ്ങൾ, ഗതാഗതം, ഡിജിറ്റൽ വ്യാപാരം, നിയമം എന്നിവയുൾപ്പെടെ വിവിധ മേഖലകൾ ചർച്ചയിലുൾപ്പെടുത്തിയിരുന്നു. പരസ്പര പ്രയോജനകരമായ സമഗ്ര സാമ്പത്തിക സഹകരണത്തിന്റെ കാര്യത്തിൽ ഇന്ത്യയും ഓസ്ട്രേലിയയും യോജിക്കുന്നതായി വാണിജ്യ മന്ത്രാലയം അറിയിച്ചു.

************************

## VP-NOMINATIONS

17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിലെ നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും. മഹാരാഷ്ട്ര ഗവർണർ സിപി രാധാകൃഷ്ണൻ എൻഡിഎ സ്ഥാനാർത്ഥിയായും മുൻ സുപ്രീം കോടതി ജഡ്ജി ബി സുദർശൻ റെഡ്ഡി I.N.D.I. സഖ്യ സ്ഥാനാർത്ഥിയായും മത്സരിക്കും. അടുത്ത മാസം 9 നാണ് വോട്ടെടുപ്പും വോട്ടെണ്ണലും.

************************

## INDIA - POSTAL SERVICE - US

യുഎസിലേക്കുള്ള മിക്ക തപാൽ-പാഴ്സൽ സേവനങ്ങളും നാളെ മുതൽ താൽക്കാലികമായി നിർത്തിവയ്ക്കാൻ ഇന്ത്യ തീരുമാനിച്ചു. യുഎസ് കസ്റ്റംസ് ചട്ടങ്ങളിൽ ഈ മാസം അവസാനം മുതൽ നിലവിൽ വരുന്ന മാറ്റങ്ങൾ കണക്കിലെടുത്താണ് തീരുമാനം. യുഎസ് പ്രഖ്യാപിച്ച തീരുവയാണ് പോസ്റ്റൽ സർവീസിനെ ബാധിച്ചത്. ഇറക്കുമതി തീരുവയിൽ വ്യക്തത വരാത്ത സാഹചര്യത്തിൽ അമേരിക്കയിലേക്കുള്ള തപാൽ സേവനങ്ങൾ താൽക്കാലികമായി നിർത്തിവച്ചതായി യൂറോപ്യൻ രാജ്യങ്ങളും അറിയിച്ചിട്ടുണ്ട്.

************************

## PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിന്റെ 125-ാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 29 വരെ പങ്കുവയ്ക്കാം.

************************

## PM-DEEP SPACE

മനുഷ്യരാശിയുടെ ഭാവിക്കായി പര്യവേക്ഷണം ചെയ്യപ്പെടാത്ത ബഹിരാകാശ മേഖലകളിൽ ആഴത്തിലുള്ള പര്യവേക്ഷണത്തിന് തയ്യാറെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ശാസ്ത്രജ്ഞരോട് ആഹ്വാനം ചെയ്തു. ഇന്നലെ ദേശീയ ബഹിരാകാശ ദിനത്തോടനുബന്ധിച്ച് ഒരു വീഡിയോ സന്ദേശത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യ ഇതിനോടകം തന്നെ ചന്ദ്രനിലും ചൊവ്വയിലും എത്തിച്ചേർന്നു. ഇപ്പോൾ ബഹിരാകാശ പര്യവേഷണത്തിൽ ആഴമേറിയ പഠനങ്ങൾ നടത്തേണ്ട സമയമാണിതെന്നും അദ്ദേഹം പറഞ്ഞു. സെമി-ക്രയോജനിക് എഞ്ചിനുകൾ, ഇലക്ട്രിക് പ്രൊപ്പൽഷൻ തുടങ്ങിയ മികച്ച സാങ്കേതികവിദ്യകളിൽ ഇന്ത്യ അതിവേഗം മുന്നേറുകയാണെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

************************

## SHUKLA-PLANETORIUM (INTRO)

ദേശീയ ബഹിരാകാശ ദിനത്തോടനുബന്ധിച്ച്, ഗ്രൂപ്പ് ക്യാപ്റ്റൻ സുഭാൻശു ശുക്ല ന്യൂഡൽഹിയിലെ നെഹ്റു പ്ലാനറ്റോറിയത്തിൽ ആര്യഭട്ട ഗാലറി ഉദ്ഘാടനം ചെയ്തു. ബഹിരാകാശ മേഖലയിൽ രാജ്യത്തിന് ഇത് സുവർണ്ണകാലമാണെന്ന് പറഞ്ഞ ശുക്ല

ജിജ്ഞാസ നിലനിർത്താനും സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനും യുവതലമുറയെ പ്രോത്സാഹിപ്പിക്കണമെന്നും അഭിപ്രായപ്പെട്ടു.

(ഹോൾഡ് വോയ്സ്.........)

************************

## KERALA AVIATION SUMMIT

വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട നയരൂപീകരണത്തിന് ഏവിയേഷൻ ഉച്ചകോടി വേദിയാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പ്രഥമ കേരള ഏവിയേഷൻ ഉച്ചകോടി കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വ്യോമയാന ചർച്ചകളിൽ കേരളത്തിന്റെ പ്രാതിനിധ്യം ഉറപ്പു വരുത്താനും നിക്ഷേപം പ്രോത്സാഹിപ്പിക്കാനും ഉച്ചകോടി പ്രയോജനപ്പെടുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

************************

## MEMU SERVICE - GEORGE KURIAN

പാലക്കാട് ഷൊർണൂർ ജങ്ഷനെയും മലപ്പുറം നിലമ്പൂർ റോഡിനെയും ബന്ധിപ്പിച്ചുകൊണ്ട് പുതുതായി ആരംഭിച്ച പുതിയ മെമു പാസഞ്ചർ സർവീസ് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഫ്ലാഗ് ഓഫ് ചെയ്തു. കേരളത്തിലെ ജനങ്ങൾക്കായി സേവനങ്ങളും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിൽ ഇന്ത്യൻ റെയിൽവേ പ്രതിജ്ഞാബദ്ധമാണ് ശ്രീ ജോർജ്ജ് കുര്യൻ പറഞ്ഞു. നിലവിലുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾക്കൊപ്പം പുതിയ മെമു സേവനം, പ്രാദേശിക കണക്റ്റിവിറ്റി സംവിധാനത്തെ ശക്തിപ്പെടുത്തുകയും സുരക്ഷിതവും വിശ്വസനീയവും സുഖകരവുമായ യാത്രാനുഭവം സാധ്യമാക്കുകയും ചെയ്യുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ചടങ്ങിൽ വി. കെ. ശ്രീകണ്ഠൻ എം പി, മമ്മിക്കുട്ടി എം എൽ എ എന്നിവർ പങ്കെടുത്തു. നിലമ്പൂർ - കോട്ടയം ട്രെയിനിൽ റിസർവേഷൻ സൗകര്യവും, അധിക കോച്ചുകളും അനുവദിച്ചതിന് തൊട്ടുപിന്നാലെയാണ്

എറണാകുളം - ഷൊർണൂർ മെമു ട്രെയിൻ സർവീസ് നിലമ്പൂർ വരെ നീട്ടി ഉത്തരവിറങ്ങിയത്. നിലവിൽ വൈകിട്ട് 5.40-ന് എറണാകുളം ജംക്ഷനിൽ നിന്നു പുറപ്പെടുന്ന മെമു, 10.05 ന് നിലമ്പൂർ എത്തുന്ന രീതിയിലാണ് പുതിയ സമയക്രമം.

************************

## STATE OFFICIALS - PENSION AND DA

സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ഒരു ഗഡു ക്ഷാമബത്ത അനുവദിച്ചു. സർവീസ് പെൻഷൻകാർക്കുള്ള ക്ഷാമാശ്വാസവും ഒരുഗഡു നൽകും. യുജിസി, AICTE, മെഡിക്കൽ സർവീസസ് ഉൾപ്പെടെയുള്ളവർക്കും ആനുകൂല്യം ലഭിക്കും. അടുത്തമാസം ഒന്നു മുതൽ വിതരണം ചെയ്യുന്ന ശമ്പളത്തിലും പെൻഷനിലും വർധിച്ച തുക ലഭിക്കും.

************************

## US OPEN TENNIS

യുഎസ് ഓപ്പൺ ടെന്നീസിന്റെ 145-ാം പതിപ്പിന് ഇന്ന് ന്യൂയോർക്കിൽ തുടക്കമാകും. പുരുഷ സിംഗിൾസിൽ, ലോക ഒന്നാം നമ്പർ താരവും നിലവിലെ ചാമ്പ്യനുമായ ഇറ്റലിയുടെ യാനിക് സിന്നർ, സ്പെയിനിന്റെ കാർലോസ് അൽകാരസ്, നാല് തവണ യുഎസ് ഓപ്പൺ ജേതാവായ നൊവാക് ജോക്കോവിച്ച്, ജർമ്മനിയുടെ അലക്സാണ്ടർ സ്വെരേവ് എന്നിവർ മത്സരിക്കും വനിതാ വിഭാഗത്തിൽ, അരിന സബലെങ്ക 2024 ലെ തന്റെ കിരീടം നിലനിർത്താൻ പൊരുതുമ്പോൾ, ലോക ഒന്നാം നമ്പർ താരം ഇഗ സ്വിയാറ്റെക്, 2023 ലെ ചാമ്പ്യൻ കൊക്കോ ഗൗഫ്, ജെസീക്ക പെഗുല തുടങ്ങിയവരും മത്സരിക്കും. പുരുഷ സിംഗിൾസ് ആദ്യ റൗണ്ട് മത്സരങ്ങൾ രാത്രി 8.30ന് ആരംഭിക്കും.

************************

## ASIAN SHOOTING CHAMPIONSHIP

കസാക്കിസ്ഥാനിൽ നടക്കുന്ന 16-ാമത് ഏഷ്യൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ 10 മീറ്റർ എയർ റൈഫിൾ മിക്സഡ് ടീം ഇനത്തിൽ മെഹുലി ഘോഷ് - രുദ്രാങ്ക്ഷ് പാട്ടീൽ സഖ്യത്തിന് വെള്ളി. ഇതോടെ ടൂർണമെന്റിൽ 23 സ്വർണ്ണവും എട്ട് വെള്ളിയും 10 വെങ്കലവും അടക്കം 41 മെഡലുകളുമായി ഇന്ത്യ മെഡൽ പട്ടികയിൽ ഒന്നാം സ്ഥാനത്താണ്.

************************

## DURAND CUP

134-ാമത് ഡ്യൂറണ്ട് കപ്പ് ഫുട്ബോൾ ടൂർണമെന്റ് ഫൈനലിൽ ഡയമണ്ട് ഹാർബർ എഫ്.സിക്കെതിരെ നോർത്ത് ഈസ്റ്റ് യുണൈറ്റഡിന് ജയം. ഒന്നിനെതിരെ 6 ഗോളുകൾക്കാണ് ഡയമണ്ട് ഹാർബർ എഫ്.സിയെ പരാജയപ്പെടുത്തിയത്.

************************

## AMOEBIC MENINGOENCEPHALITIS

കേരളത്തിൽ, അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ ജാഗ്രത ശക്തമാക്കി ആരോഗ്യവകുപ്പ്. സംസ്ഥാനത്ത് ഒരാൾക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ച സാഹചര്യത്തിലാണ് നടപടി. കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയുന്ന വയനാട് സുൽത്താൻ ബത്തേരി സ്വദേശിക്കാണ് പുതിയതായി രോഗബാധ സ്ഥിരീകരിച്ചത്. ഇതോടെ കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിത്സയിൽ ഉള്ളവരുടെ എണ്ണം 7 ആയി.

*

***********

************************************